e-mail: gssbsukc@yahoo.co.in

Phone: 0471-2192810
0471-2192846

# State Banks' Staff Union (Kerala Circle)

(Affiliated to All India State Bank of India Staff Federation)
Reg. No. 01-36-2000

State Bank of India
Local Head Office
Poojappura
Thiruvananthapuram-695 012

Circular No.05/24
To All Unit Secretaries

Date 01.01.2024

പ്രിയ സഖാക്കളെ,

**പുതുവത്സരാശംസകൾ**

അഭിവാദനങ്ങൾ..
ഒരു പുതുവർഷം കൂടി കടന്നു വരികയാണ്.

വീണ്ടെടുക്കലുകളും, മുന്നേറ്റങ്ങളും കണ്ട ഒരു വർഷമാണ് കടന്നു പോയത്. സൂഷ്മാണുവിന് മുന്നിൽ പകച്ചു നിന്ന ലോകം തിരിച്ച് വരവിന്റെ പാതയിലാണ്.

ഇന്ത്യാ മഹാരാജ്യം ചന്ദ്രനിൽ പര്യവേഷണ പേടകം ഇറക്കിയ അഭിമാന വർഷവുമാണ് കടന്നു പോയത്. പുരോഗതികൾക്കിടയിലും കൊച്ചു കുഞ്ഞുങ്ങളെയും ആതുരാലയങ്ങളെയും വരെ ലക്ഷ്യം വയ്ക്കുന്ന മനുഷ്യക്കുരുതിയുടെയും യുദ്ധക്കൊതിയുടെയും ഭീകര മുഖവും പോയ വർഷം നമുക്ക് കാട്ടിത്തന്നു.

ആശങ്കകളുടെ കാർമേഘങ്ങൾ ഉരുണ്ടുകൂടുകയാണ്. മതവും ജാതിയും മനുഷ്യരെ ഭിന്നിപ്പിക്കാനുള്ള ഉപകരണങ്ങളായിമാറുമ്പോൾ ഭരണഘടനാ മൂല്യങ്ങൾ തന്നെയാണ് വെല്ലുവിളിക്കപ്പെടുന്നത്.

ഇന്ത്യാ മഹാരാജ്യത്ത് പൊതുമേഖല എന്നത് മനോഹരമായ ഒരു സ്വപ്നം മാത്രമായി ശേഷിച്ചേക്കാം എന്ന നിലയിലാണ് കാര്യങ്ങൾ മുന്നോട്ട് പോകുന്നത്. അറുതിയില്ലാത്ത അധിനിവേശങ്ങൾക്കും അശരണരുടെ പാലായനങ്ങൾക്കും സാക്ഷിയാകേണ്ടിവരാത്ത ഒരു നല്ല കാലമാകട്ടെ ഇനി വരുന്നത്.

സാഭിമാനം ഇന്ത്യൻ പൊതു മേഖലയിൽ നിലനിന്ന് പൊതുജന സേവനം നടത്താൻ സാധിക്കുന്ന ദിനങ്ങൾ പുതുവർഷം നമുക്ക് സമ്മാനിക്കും എന്ന് പ്രത്യാശിക്കാം. ഒപ്പം അനീതികളും അസമത്വങ്ങളും അവസാനിക്കാത്ത നാളുകളിൽ, നിശബ്ദത മഹാപാതകമായിരിക്കുമെന്ന തിരിച്ചറിവോടെ, വരും കാലത്തും പോരാട്ടങ്ങൾ അനിവാര്യമായിരിക്കും എന്ന് ആവർത്തിച്ച് ഓർമ്മിപ്പിച്ചുകൊണ്ട് എല്ലാ സഖാക്കൾക്കും ഏറ്റവും ഊർജസ്വലമായൊരു പുതുവർഷം ആശംസിക്കുന്നു.

(അഖിൽ എസ്)
ജനറൽ സെക്രട്ടറി